**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം കണ്ണൂർ നഗരസഭയിൽ ഫീമെയിൽ അറ്റൻഡറായിരുന്ന ശ്രീമതി. സീമ .എസ് .വി ക്കു ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം.3256/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 30.11.2016

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 12.04.2006 തിയതിയിലെ ബി-4/14008/05 നമ്പർ കത്ത്.

2. സ.ഉ.(സാധ) നം.1098/2006/തസ്വഭവ. തിയതി 08.06.2006

3. നഗരകാര്യ ഡയറക്ടറുടെ 29.10.2015 തിയതിയിലെ ഇ 7-10657/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സീമ .എസ് .വി., 15.09.2004 മുതൽ 07.06.2006 വരെ കണ്ണൂർ നഗരസഭയിൽ ഫീമെയിൽ അറ്റൻഡർ തസ്തികയിൽ ജോലി നോക്കിയിരുന്നു. പ്രസ്തുത കാലയളവിൽ 15.11.2004 മുതൽ 29.03.2005 വരെ പ്രസവാവധിയും തുടർന്ന് 30.03.2005 മുതൽ 27.08.2005 വരെ ശൂന്യവേതനവധിയും കണ്ണൂർ നഗരസഭാ സെക്രട്ടറി അനുവദിച്ചിരുന്നു. ടി അവധിയെ തുടർന്ന് 28.08.2005 മുതൽ 24.05.2006 വരെ കെ. എസ്.ആർ.ഭാഗം 1 ചട്ടം 88(ii ) പ്രകാരം, പരാമർശം 2 ലെ സർക്കാർ ഉത്തരവു പ്രകാരം ശ്രീമതി. സീമയ്ക്ക് സർക്കാർ ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് 25.05.2006 മുതൽ 06.06.2006 വരെ ടിയാൾക്ക് വീണ്ടും കണ്ണൂർ നഗരസഭാ സെക്രട്ടറി ശൂന്യവേതനവധി അനുവദിച്ചിരുന്നു. ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ തടസ്സവാദത്തെത്തുടർന്ന് ടിയാൾക്ക് 30.05.2005 മുതൽ 06.06.2006 വരെ അനുവദിച്ച അവധി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. സീമ സമർപ്പിച്ച അവധി അപേക്ഷകൾ ശുപാർശ ചെയ്ത് നഗരകാര്യ ഡയറക്ടർ പരാമർശം 3 ലെ കത്ത്പ്രകാരം സർക്കാരിന് സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 05.09.2004 ൽ സർവീസിൽ പ്രവേശിച്ച ശ്രീമതി. സീമ .എസ് .വി. ക്കു 30.03.2005 ൽ 3 വർഷ സർവീസ് പൂർത്തിയായിട്ടില്ലാത്തതിനാൽ കെ. എസ്.ആർ.ഭാഗം 1 ചട്ടം 88(ii )പ്രകാരം ഒരു ഘട്ടത്തിൽ 3 മാസത്തെ ശൂന്യവേതനവധിക്കു മാത്രമേ അർഹതയുള്ളൂ. ടിയാളുടെ അവധി കാലയളവ് 3 മാസത്തിൽ കൂടുതലായതിനാൽ ചട്ടത്തിൽ വരുത്തി മാത്രമേ ശൂന്യവേതനവധി അനുവദിക്കാൻ കഴിയുകയുള്ളൂ.

3. മേൽ സാഹചര്യത്തിൽ 28.08.2005 മുതൽ 24.05.2006 വരെ കെ. എസ്.ആർ.ഭാഗം 1 ചട്ടം 88(ii )ൽ ഇളവ് വരുത്താതെ പുറപ്പെടുവിച്ച പരാമർശം 2ലെ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ ചെയ്യുന്നു. 30.03.2005 മുതൽ 27.08.2005 വരെയും 25.05.2006 മുതൽ 06.06.2006 വരെയുമുള്ള കാലയളവുകളിലേക്ക് ശ്രീമതി. സീമ ക്ക് കണ്ണൂർ നഗരസഭാ സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി ക്രമപ്രകാരമല്ലാത്തതിനാൽ ആയത് റദ്ദ ചെയ്യണമെന്ന് കണ്ണൂർ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട്,തിരുവനന്തപുരം നഗരസഭയിൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി. സീമ .എസ് .വി. ക്ക് കെ. എസ്.ആർ.ഭാഗം 1 ചട്ടം 88(ii )ൽ ഇളവ് വരുത്തി 30.03.2005 മുതൽ 28.05.2005 വരെ ആർജിതാവധിക്ക കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിലും( കെ. എസ്.ആർ.ഭാഗം 1 ചട്ടം102 ന താഴെയുള്ള പ്രോവിസോയുടെ ആനുകൂല്യം നൽകി ), 29.05.2005 മുതൽ 06.06.2006 വരെ ഇൻക്രിമെന്റ് ഹയർ ഗ്രേഡ്, പെൻഷൻ ആർജിതാവധി എന്നിവക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിലും 30.05.2005 മുതൽ 06.06.2006 വരെ ശൂന്യവേതനവധി അനുവദിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൾ കലാം എം**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി, കണ്ണൂർ നഗരസഭ, കണ്ണൂർ

ശ്രീമതി. സീമ .എസ് .വി., എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ,തിരുവനന്തപുരം

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ധനകാര്യ വകുപ്പ്( Dev-2/156/2015-Fin 27.08.2016 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ